# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6549

09.07.2014 ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര സഹകരണ ഗ്രാമ വികസന ബാങ്കിന്റെ വായ്പ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 30.04.2014 വരെ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്; | (എ) 30.04.2014 വരെ നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ 1302.64 ലക്ഷം രൂപ കുടിശ്ശികയുണ്ട്. |
| (ബി) ഓരോ കാലയളവിലേയും കുടിശ്ശിക കാർഷിക കാർഷികേതര വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; | (ബി) 30.06.2013 ൽ കാർഷിക വിഭാഗത്തിൽ 1054.08 ലക്ഷം രൂപയും കാർഷികേതര വിഭാഗത്തിൽ 488.43 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. 30.04.2014 ൽ കാർഷിക വിഭാഗത്തിൽ 647.94 ലക്ഷം രൂപയും കാർഷികേതര വിഭാഗത്തിൽ 654.70 ലക്ഷം രൂപയുമാണ് കുടിശ്ശികയുള്ളത്. 31.03.2014 ൽ കാർഷിക വിഭാഗത്തിൽ 456.17 ലക്ഷം രൂപയും കാർഷികേതര വിഭാഗത്തിൽ 548.20 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. |
| (സി) 31.03.2014 ന് നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് തലത്തിൽ നിലവിലെ വായ്പ കാർഷിക-കാർഷികേതര വിഭാഗങ്ങൾ തിരിച്ച് ശതമാനക്കണക്കിൽ വ്യക്തമാക്കാമോ; | (സി) 31.03.2014 ന് നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന കാർഷിക വികസന ബാങ്ക് തലത്തിൽ 7893.40 ലക്ഷം രൂപ വായ്പ നീക്കിയിരുപ്പുണ്ട്. അതിൽ 38.58% കാർഷിക വിഭാഗത്തിലും 61.42% കാർഷികേതര വായ്പ വിഭാഗത്തിലും ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ഡി) | നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ പ്രതിനിധിക്ക് സംസ്ഥാന കാർഷിക വികസന ബാങ്ക് ഭരണസമിതിയിൽ തുടരാൻ അർഹതയുണ്ടോ; ഇല്ലെങ്കിൽ നീക്കം ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ഡി) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ കടാശ്വാസ പദ്ധതി പ്രകാരം വായ്പക്കാർ യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലേയ്ക്ക് അടയ്ക്കാനുള്ള തുക അടയ്ക്കാൻ കഴിയാത്തതിനാൽ 25.10.2013 ലെ ജി.ഒ.(പി) നം. 134/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ബാങ്കിന് 31.03.2013 മുതൽ ഒരു വർഷത്തേയ്ക്ക് ചട്ടം 46(ഇ) യിൽ നിന്നും ഇളവ് നൽകുകയുണ്ടായി. തുടർന്ന് 21.11.2013 ലെ ജി.ഒ.(പി) നം. 144/2013/സഹ നമ്പർ ഉത്തവ് പ്രകാരം എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെയും ചട്ടം 46(ഇ) യിൽ നിന്ന് 01.10.2013 മുതൽ ഒരു വർഷത്തേയ്ക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിക്ക് ഭരണ സമിതിയിൽ തുടരാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ